**KERALA ELECTRICITY EMPLOYEES' CONFEDERATION**
**INTUC**
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2022/66

തിരുവനന്തപുരം
02.09.2022

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം:** ജീവനക്കാരുടെ എണ്ണം മുൻകാല പ്രാബല്യത്തിൽ KSERC ൽ നിന്നും അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :
1. OP No.63/2021, hearing on 25.01.2022 order dated 14.07.2022
2. Copy of Annual Accounts FY 1993-94 Annexure -A
3. Copy of Annual Accounts FY 2015-16 Schedule -32
4. Copy of Annual Accounts FY 2018-19, note 16 Page 294
5. No. KEEC/GL/2022/65/02.09.2022 ന് കേരളാ സ്റ്റേറ്റ് റെഗുലേറ്ററി റെഗുലേറ്ററി കമ്മീഷന് കൊടുത്ത കത്ത്.

KSEBL ജീവനക്കാരുടെ എണ്ണം അനുവാദം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നൽകാത്തതിന്റെ പേരിൽ 2016 മുതൽ Aptel ൽ KSEB പെറ്റീഷൻ ഫയൽ ചെയ്തു വന്നിരുന്നു. എല്ലാ വർഷവും Truing up വിശദാംശങ്ങൾ നൽകിയിരുന്നു. 2016 മുതൽ 5289 തസ്തികകൾക്ക് അനുവാദം നൽകണമെന്ന് KSEB പെറ്റീഷനിൽ അവശ്യപ്പെട്ടിരുന്നു. 25.01.2022 ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഓൺലൈനിൽ നടത്തിയ ഹിയറിംഗിൽ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) യെ പ്രതിനിധീകരിച്ച് ഞാനും പങ്കെടുത്തിരുന്നു സൂചന (1). എന്നാൽ ഉത്തരവ് പ്രകാരം ജീവനക്കാരുടെ എണ്ണം 30321 ആയി നിജപ്പെടുത്തി എന്നാൽ അതിന് മുൻകാല പ്രാബല്യം നൽകിയിട്ടില്ല. 2022-23 മുതൽ മാത്രമാണ് പ്രാബല്യം ഉള്ളത്. ഏതൊരു സ്ഥാപനത്തിന്റേയും പ്രവർത്തനവും നിലനിൽപ്പും അവിടുത്തെ ജീവനക്കാരുടെ പ്രവർത്തനം അനുസരിച്ചാണ് വിജയിക്കുന്നത്. വൈദ്യുതി മേഖല ഉപഭോക്താക്കളുമായി ബന്ധപ്പെട്ടിട്ടുള്ളതും അപകടം നിറഞ്ഞതുമാണ്. ഇപ്പോഴും ലൈൻമാൻ പോസ്റ്റിൽ കയറുന്നത് നഗ്ന പാദങ്ങൾ ഉപയോഗിച്ചാണ്. പോസ്റ്റ് ഉൾപ്പടെ ഭാരമുള്ളവ ഉന്തുവണ്ടിയിൽ ചുമന്നുകൊണ്ട് നടക്കുന്നു. ടച്ചിംഗ് മുളന്തോട്ടി ഉപയോഗിച്ച് ചെയ്യുന്നു. ഡ്യൂട്ടി സമയം കഴിഞ്ഞ് വീട്ടിൽ പേകേണ്ടവർ രത്രി 10 മണിവരെ ജോലി ചെയ്യുന്നു. നൈറ്റ് ഡ്യൂട്ടി ഇല്ലാത്ത സബ് എഞ്ചിനീയർമാർ എല്ലാ രാത്രികളിലും ജോലി ചെയ്യേണ്ടി വരുന്നു. ഇതൊക്കെ അകത്തിരിക്കുന്ന ഉദ്യോഗസ്ഥർ കാണുന്നില്ലയോ എന്ന് സംശയിച്ചാൽ കുറ്റം

പറയാൻ പറ്റില്ല. ഷിഫ്റ്റ് സമ്പ്രദായം ഗ്രാമീണ മേഖലയിലും നടപ്പിലാക്കാൻ 2015 ൽ ദീർഘകാല കരാറിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഇതുവരെയും നടപ്പിലാക്കാത്തതിന്റെ കാരണം ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവാണ്. 1993-94 കാലഘട്ടത്തിൽ KSEB യിൽ 36.98 ഉപഭോക്താക്കൾക്ക് 30415 ജീവനക്കാർ ഉണ്ടായിരുന്നു. സൂചന (2) ആധുനിക സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് ബില്ലിംഗിൽ മാത്രം. എസ്റ്റാബ്ലിഷ്മെന്റ് ചിലവിന്റെ പേരിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നത് ന്യായമല്ല. സർക്കാർ ജീവനക്കാർ, പോലീസ്, ഹെൽത്ത് വിവിധ കമ്മീഷനുകൾ ഉൾപ്പടെ ഒന്നും ലാഭം ഉണ്ടാക്കിയിട്ടല്ല പ്രവർത്തിക്കുന്നത്. KSERC തന്നെ തുടക്കത്തിലുള്ള അംഗങ്ങൾ/ജീവനക്കാർ അല്ലല്ലോ ഇപ്പോൾ ഉള്ളത്. ചിലവുകളും ബോർഡിന്റെ അക്കൗണ്ട്സിൽ വ്യക്തമാണല്ലോ. KSEB ലാഭത്തിലാക്കാൻ ജീവനക്കാരുടെ എണ്ണം കുറയ്ക്കൽ അല്ലാ പോംവഴി.

KFON, പുറപ്പുര സോളാർ, ട്രാൻസ്ഗ്രിഡ് ഇപ്പോഴിതാ സ്മാർട്ട് മീറ്റർ, തുടങ്ങിയ വൻകിട പദ്ധതികളിലെ പാളിച്ച, ഗ്രാന്റ് കൃത്യസമയത്ത് വാങ്ങാത്തത്, ധൂർത്ത്, KSEB യുടെ വാഹനം ദുരുപയോഗം ചെയ്ത ബാധ്യതകൾ തിരിച്ച് അടച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്. 2016 വർഷം വരെ KSEB യുടെ Annual Accounts ൽ പ്രതിപാദിച്ചുള്ള ആകെ കടം 1066.50 കോടി സൂചന (3) മാത്രമായിരുന്നുവെങ്കിൽ 2018-19 ൽ 4666.39 കോടി സൂചന (4) ആയി വർദ്ധിച്ചു. നിലവിലുള്ള കടം പൊതുജനത്തിന് അറിയുവാൻ നിർവാഹമില്ലാത്ത രീതി KSEBL Annual Accounts പരിഷ്ക്കരിച്ചു. ഇത് ഖേദകരമാണ്. CMDRF ലേക്ക് CSR ഫണ്ടെന്ന് പറഞ്ഞ് 10കോടി നൽകിയത് ഒരു മുൻ ചെയർമാൻ വരുത്തിവച്ച ബാധ്യത തീർക്കാൻ നൽകിയതാണ്. ഇത് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടും ബോർഡ് നടപടിയൊന്നും എടുത്തിട്ടില്ലായെന്നത് ഇവിടെ പ്രസക്തമാണ്. ആവശ്യമില്ലാത്ത തസ്തികകളിൽ ഇപ്പോഴും കോൺട്രാക്ടിൽ ആൾക്കാർ ഇരിക്കുന്നു. അതൊന്നും ബോർഡ് എതിർത്തിട്ടില്ല. KSEB ആവശ്യപ്പെട്ട 5289 എന്ന എണ്ണം കൊണ്ട് ഷിഫ്റ്റ് സമ്പ്രദായം വിജയിപ്പിക്കാൻ സാധിക്കില്ല. എങ്കിലും 5289 ന് അനുവാദം നൽകുമെന്ന ധാരണയിൽ KSEBL Aptel ൽ ഉള്ള പെറ്റീഷനുകളെല്ലാം പിൻവലിച്ചു. ഇപ്പോൾ കമ്മീഷൻ അനുവാദം നൽകിയിരിക്കുന്നത് 30321 എണ്ണം മാത്രമാണ്. അതും 2022-23 വർഷം മുതൽ മാത്രമാണ്. തസ്തിക അനുവാദത്തിന് മുൻകാല പ്രാബല്യം ലഭിക്കേണ്ടതാണ്. അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് ചെയ്ത അക്കൗണ്ട്സ് പ്രകാരമുള്ള കണക്കുകൾ, ഒരു statutory body approve ചെയ്തത് മറ്റൊരു quasi-judicial authority അംഗീകരിക്കാത്തത്, നിയമപരമായി നിലനിൽക്കുമോയെന്ന് പരിശോധിക്കേണ്ട വിഷയമാണ്.

KSEB ക്ക് ഇപ്പോൾ KSERC അനുവാദം നൽകിയിരിക്കുന്നത് 30321 തസ്തികകൾക്ക് മാത്രമാണ്. അത് അംഗീകരിക്കാനാകില്ല. അതോടൊപ്പം നൽകിയ 30321 ന് മുൻകാല പ്രാബല്യം ഇല്ല. ആയതിനാൽ സൂചന (1) ഉത്തരവ് പ്രകാരം നൽകിയ അനുവാദം മുൻകാല പ്രാബല്യത്തിൽ റെഗുലേറ്ററി കമ്മീഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. റെഗുലേറ്ററി കമ്മീഷന് സംഘടന നൽകിയ കത്തിന്റെ കോപ്പിയും ഇതൊന്നിച്ച് വയ്ക്കുന്നു സൂചന (5).

വിശ്വസ്തതയോടെ,

Siluykutty

വർക്കിംഗ് പ്രസിഡന്റ്